**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6437** **10-07-2024 - ൽ മറുപടിയ്ക്ക്**

**വാർഡുകൾ തോറും യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക തിന്മകൾക്കെതിരെ ശക്തമായി നിലപാടുകൾ സ്വീകരിക്കുവാനും പോരാടുവാനും ഓരോ വാർഡുകൾ കേന്ദ്രീകരിച്ചും ഒരു യൂത്ത് ക്ലബ്ബ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തൊട്ടാകെ 4000 യൂത്ത് ക്ലബ്ബുകളും 1500 യുവാക്ലബ്ബുകളും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഒരു പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിൽ നിന്ന് ഒന്നു വീതവും കോർപ്പറേഷനിൽ രണ്ടു വീതവും ക്ലബ്ബുകൾ എന്നിങ്ങനെ 14 ജില്ലകളിലുമായി ആകെ 1040 'അവളിടം' യുവതീ ക്ലബ്ബുകളും ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബുകൾ വീതം ആകെ 140 കതിർക്ലബ്ബുകളും ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്താകമാനം കലാ-കായിക-സാംസ്കാരിക-സാമൂഹ്യ മേഖലകളിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ക്ലബ്ബുകൾ വഴി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. അവളിടം ക്ലബ്ബുകളിലെ അംഗങ്ങൾക്ക് 2021 മുതൽ തയ്യൽ പരിശീലനം, കേക്ക് നിർമ്മാണം, ബ്യൂട്ടീഷ്യൻ കോഴ്സ്, പേപ്പർബാഗ് നിർമ്മാണം, വീഡിയോ എഡിറ്റിംഗ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ വഴി യുവജനങ്ങളെ സാമൂഹ്യ തിന്മകൾക്കെതിരെ പോരാടാനും, പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിനും വേണ്ടി നാട്ടിലെ ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ബോധവത്കരണം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി എല്ലാ വർഷവും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 4 ജില്ലകളിലാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ഇത് വഴി 855 ഉദ്യോഗാർഥികൾക്ക് വിവിധ സ്ഥാപനങ്ങളിലായി തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി ഈ വർഷവും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത യൂത്ത് ക്ലബ്ബുകൾ വഴി സമൂഹത്തിന് ആവശ്യമുള്ള വിവിധ ജോലികൾ ചെയ്യുന്നതിന് ആവശ്യമായ തൊഴിൽ സേന രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (ബി) | സംസ്ഥാനത്തൊട്ടാകെ 4000 യൂത്ത് ക്ലബ്ബുകളും 1500 യുവാക്ലബ്ബുകളും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഒരു പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിൽ നിന്ന് ഒന്നു വീതവും കോർപ്പറേഷനിൽ രണ്ടു വീതവും ക്ലബ്ബുകൾ എന്നിങ്ങനെ 14 ജില്ലകളിലുമായി ആകെ 1040 'അവളിടം' യുവതീ ക്ലബ്ബുകളും ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബുകൾ വീതം ആകെ 140 കതിർക്ലബ്ബുകളും ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്താകമാനം കലാ-കായിക-സാംസ്കാരിക-സാമൂഹ്യ മേഖലകളിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ക്ലബ്ബുകൾ വഴി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. അവളിടം ക്ലബ്ബുകളിലെ അംഗങ്ങൾക്ക് 2021 മുതൽ തയ്യൽ പരിശീലനം, കേക്ക് നിർമ്മാണം, ബ്യൂട്ടീഷ്യൻ കോഴ്സ്, പേപ്പർബാഗ് നിർമ്മാണം, വീഡിയോ എഡിറ്റിംഗ്, എൽ.ഇ.ഡി ബൾബ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജന കമ്മീഷൻ വഴി യുവജനങ്ങളെ സാമൂഹ്യ തിന്മകൾക്കെതിരെ പോരാടാനും, പൊതുധാരയിലേക്ക് അടുപ്പിക്കുന്നതിനും വേണ്ടി നാട്ടിലെ ക്ലബ്ബുകൾ, വായനശാലകൾ, സാംസ്കാരിക നിലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ബോധവത്കരണം ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി എല്ലാ വർഷവും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കാറുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 4 ജില്ലകളിലാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ഇത് വഴി 855 ഉദ്യോഗാർഥികൾക്ക് വിവിധ സ്ഥാപനങ്ങളിലായി തൊഴിൽ ലഭ്യമാക്കാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി ഈ വർഷവും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ